LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) പൊതുവിദ്യാഭ്യാസ വകുപ്പിൽ വിവരാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽ അധികാരികളെയും സ്ഥാനനിർദ്ദേശം ചെയ്തിട്ടുണ്ട്. വിവരാവകാശ നിയമം 2005-ലെ സെക്ഷൻ 4 പ്രകാരം സ്വമേധയാ വെളിപ്പെടുത്തേണ്ട വിവരങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ (www.education.kerala.gov.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽ അധികാരികളെയും സ്ഥാനനിർദ്ദേശം ചെയ്തിട്ടുണ്ട്. എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽ അധികാരികളെയും 9-1-2014 തീയതിയിലെ സ.ഉ. (എംഎസ്.)നമ്പർ 10/2014/പൊ.വി.വ. ഉത്തരവുപ്രകാരം സ്ഥാനനിർദ്ദേശം ചെയ്തിട്ടുണ്ട്. സേവനാവകാശ നിയമപ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ എന്നീ വകുപ്പുതലവന്മാരുടെ കാര്യാലയങ്ങളിലും പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലും നൽകിവരുന്ന സേവനങ്ങളെക്കുറിച്ചും അപേക്ഷകളിന്മേൽ തീരുമാനമെടുക്കേണ്ട സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി തുടങ്ങിയ വിശദാംശങ്ങളും 24-4-2013 തീയതിയിലെ 334/2013 നമ്പർ എസ്.ആർ.ഒ. (സ.ഉ.(പി) നമ്പർ 145/2013/പൊ.വി.വ) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ സേവനാവകാശ നിയമം നടപ്പാക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള വിവിധ സർക്കുലറുകളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കാൻ വകുപ്പുതലവന്മാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ഡി) വിവരാവകാശ നിയമം, സേവനാവകാശ നിയമം എന്നിവയുമായി ബന്ധപ്പെട്ട് വേണ്ടത്ര പ്രചരണം നൽകിയിട്ടുണ്ട്.

വടകര മണ്ഡലത്തിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ

27(4633) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ട് ഭൂരിഭാഗവും ഉപയോഗിച്ചിട്ടും വടകര മണ്ഡലത്തിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ കെട്ടിടങ്ങൾ ആവശ്യമായതിനാൽ, കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ പൂർത്തീകരിക്കുവാനുള്ള സഹായം നല്കുവാൻ വിദ്യാഭ്യാസ വകുപ്പിന് കഴിയുമോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം കെട്ടിടനിർമ്മാണത്തിന് ആവശ്യമായ സാമ്പത്തിക സഹായം മറ്റേതെങ്കിലും വിധത്തിലുള്ള പദ്ധതികൾ വഴി ലഭ്യമാകുമോയെന്നു അറിവുണ്ടോ ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിശോധിക്കുന്നതാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

എൽ.പി./യു.പി. അസിസ്റ്റന്റുമാരുടേയും ഹൈസ്കൂൾ അദ്ധ്യാപകരുടേയും പൊതുസ്ഥലംമാറ്റം

28(4634) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി./യു.പി. അസിസ്റ്റന്റുമാരുടേയും ഹൈസ്കൂൾ അദ്ധ്യാപകരുടേയും പൊതുസ്ഥലം മാറ്റം സാധാരണയായി എപ്പോഴാണ് നടത്തുന്നതെന്ന് അറിയിക്കുമോ;

(ബി) 2014-15 വർഷത്തെ പൊതുസ്ഥലം മാറ്റം എപ്പോഴാണ് നടന്നതെന്ന് അറിയിക്കുമോ; നടപ്പു വർഷം പൊതുസ്ഥലം മാറ്റത്തിനു പുറമേ എത്ര ട്രാൻസ്ഫറുകൾ നടത്തിയെന്ന് അറിയിക്കുമോ;

(സി) അടിക്കടിയുള്ള സ്ഥലംമാറ്റങ്ങൾ പൊതുവിദ്യാലയങ്ങളിലെ അക്കാഡമിക് പ്രവർത്തനങ്ങളെ എങ്ങനെയെല്ലാം ബാധിക്കും ; ഇതിനുള്ള പരിഹാര മാർഗ്ഗങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ;

(ഡി) പുതിയ തസ്തിക നിർണ്ണയത്തിലൂടെ അധികമായി വന്ന അദ്ധ്യാപകരെ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മദ്ധ്യവേനൽ അവധിക്കാലത്ത്.

(ബി) സെപ്റ്റംബർ മാസത്തിലാണ് നടന്നത്; വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly